അന്ത്യോദയയ്ക്ക് കായംകുളത്ത് സ്റ്റോപ്പ്

തിരുവനന്തപുരം: കൊച്ചുവേളി - മംഗലാപുരം അന്ത്യോദയ എക്സ്പ്രസിന് കായംകുളത്ത് സ്റ്റോപ്പ് അനുവദിച്ചു. ഇന്നു മുതൽ ആറു മാസത്തേക്കാണിത്. കൂടാതെ തിരുനെൽവേലി - ഗാന്ധിധാം എക്സ്പ്രസിന് കായംകുളം, തൃശ്ശൂർ എന്നീ സ്റ്റേഷനുകളിൽ നാളെ മുതൽ സ്റ്റോപ്പ് അനുവദിച്ചു. തിരുനെൽവേലിയിൽ നിന്ന് കേരളത്തിലൂടെ ജാംനഗറിലേക്കുള്ള എക്സ്പ്രസിന് പാറശാലയിലും നാളെ മുതൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

www.keralakaumudi.com www.facebook.com/keralakaumudi

ഒന്നാംവർഷ ഹയർ സെക്കൻഡറി പരീക്ഷാ ടൈംടേബിൾ പുനഃക്രമീകരിച്ചു

തിരുവനന്തപുരം: മാർച്ചിൽ നടക്കുന്ന ഒന്നാംവർഷ ഹയർ സെക്കൻഡറി പരീക്ഷകളുടെ ടൈംടേബിൾ പുനഃക്രമീകരിച്ചു. രണ്ടാം വർഷ ഹയർ സെക്കൻഡറി പരീക്ഷയുടെ ടൈംടേബിളിൽ യാതൊരു വിധ മാറ്റവും ഉണ്ടായിരിക്കുന്നതല്ല. പുതുക്കിയ ഒന്നാംവർഷ ടൈംടേബിൾ ചുവടെ:

മാർച്ച് 6ന് ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി ആൻഡ് കൾച്ചർ. 7ന് ബിസിനസ് സ്റ്റഡീസ്, കെമിസ്ട്രി, ജേർണലിസം. 11ന് ആന്ത്രപ്പോളജി, ഗാന്ധിയൻ സ്റ്റഡീസ്, മാത്തമറ്റിക്സ്, സംസ്കൃതം ശാസ്ത്ര. 13ന് പാർട്ട്-ഒന്ന് ഇംഗ്ലീഷ്. 14ന് സോഷ്യൽ വർക്ക്. 18ന് പാർട്ട്-രണ്ട് ഭാഷകൾ, കമ്പ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി (പഴയത്), കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി. 19ന് ജോഗ്രഫി, സൈക്കോളജി, മ്യൂസിക്. 20ന് കമ്പ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇലക്ട്രോണിക് സർവീസ് ടെക്നോളജി (പഴയത്), ഇലക്ട്രോണിക്സിസ്റ്റംസ്, പൊളിറ്റിക്കൽ സയൻസ്. 21ന് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, ജിയോളജി, ഹോം സയൻസ്, ഫിലോസഫി, സ്റ്റാറ്റിസ്റ്റിക്സ്. 25ന് അക്കൗണ്ടൻസി, ബയോളജി, കമ്പ്യൂട്ടർ സയൻസ്, പാർട്ട്-മൂന്ന് ഭാഷകൾ, സംസ്കൃതം, സാഹിത്യം. 26ന് സോഷ്യോളജി. 27ന് ഇക്കണോമിക്സ്, ഇംഗ്ലീഷ് ലിറ്ററേച്ചർ, ഫിസിക്സ്.

ആയുർവേദ ഗവേഷണങ്ങൾക്ക് പ്രചാരം കിട്ടുന്നില്ല: ഗവർണർ

തിരുവനന്തപുരം: അലോപ്പതിക്ക് വൻ പ്രാധാന്യം കിട്ടുമ്പോൾ ആയുർവേദ ഗവേഷണങ്ങൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കാതെ പോവുകയാണെന്ന് ഗവർണർ പി. സദാശിവം പറഞ്ഞു. ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തനത് രീതികളായ ആയുർവേദം, ഹോമിയോ, യുനാനി, പ്രകൃതി ചികിത്സ എന്നിവയ്ക്ക് കൂടുതൽ പ്രചാരം ലഭിക്കേണ്ടതുണ്ട്. ഇവയെക്കുറിച്ച് കൂടുതൽ ഗവേഷണങ്ങളും പഠനങ്ങളും നടക്കണം. ആയുർവേദ ചികിത്സയ്ക്ക് ലോകത്തിൽ മേൽവിലാസം ഉണ്ടാക്കിയത് കേരളമാണ്. പരമ്പരാഗത ചികിത്സാരീതികളെ കൂടുതൽ അടുത്തറിയാൻ ആയുഷ് കോൺക്ലേവ് വേദിയായി മാറുമെന്നാണ് കരുതുന്നത്.

തിരുവനന്തപുരം നിശാഗന്ധിയിൽ ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിന്റെ ഉദ്ഘാടനം ഗവർണർ പി. സദാശിവം നിർവഹിക്കുന്നു. മന്ത്രി കെ.കെ. ശൈലജ, ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, കേരള യൂണിവേഴ്സിറ്റി ഒഫ് ഹെൽത്ത് സയൻസസ് വൈസ് ചാൻസലർ ഡോ. എം.കെ.സി. നായർ, ആയുഷ് മന്ത്രാലയം ജോയിന്റ് സെക്രട്ടറി പി.എൻ. രഞ്ജിത്ത് കുമാർ, ആയുഷ് ഐ.എസ്.എം ഡയറക്ടർ ഡോ. അനിതാ ജേക്കബ് എന്നിവർ സമീപം

മുഴുവൻ പഞ്ചായത്തുകളിലും ആയുഷ് ക്ലിനിക് സ്ഥാപിക്കാനുള്ള തീരുമാനം പാരമ്പര്യ ചികിത്സാരംഗം ശക്തിപ്പെടുത്തും. ആയുർവേദത്തിൽ കൂടുതൽ ഗവേഷണ പദ്ധതികൾ സ്പോൺസർ ചെയ്യാൻ സ്ഥാപനങ്ങൾ മുന്നോട്ടുവരണമെന്നും ഗവർണർ പറഞ്ഞു. ആയുർവേദത്തെയും ഇതര ചികിത്സാരീതികളെയും വലിയ കാൻവാസിലേക്ക് പകർത്താനുള്ള ശ്രമമാണ് ആയുഷ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. മികച്ച ഗവേഷണങ്ങളിലൂടെ പുതിയ ഔഷധങ്ങൾ കണ്ടെത്താൻ ഗവേഷകർക്ക് സാധിക്കണം. കേന്ദ്ര ആയുഷ് മന്ത്രി ശ്രീപദ് നായിക്കിന്റെ സന്ദേശം ചടങ്ങിൽ വായിച്ചു. ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, യൂണിവേഴ്സിറ്റി ഒഫ് ഹെൽത്ത് സയൻസസ് വൈസ് ചാൻസലർ ഡോ. എം. കെ. സി. നായർ, ആയുഷ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ. എച്ച്. എം മിഷൻ ഡയറക്ടർ കേശവേന്ദ്ര കുമാർ, ഡോ. അനിത ജേക്കബ് തുടങ്ങിയവർ പങ്കെടുത്തു.

ആയുഷ് കോൺക്ലേവ്: 'മുക്തി' മികച്ച ഷോർട്ട് ഫിലിം

അന്താരാഷ്ട്ര ആയുഷ് കോൺക്ലേവിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സരത്തിൽ 'മുക്തി' മികച്ച ചിത്രമായി തിരഞ്ഞെടുത്തു. ലാസ്റ്റ് ചാൻസ്, ദി ലോക്ക് എന്നീ ഷോർട്ട് ഫിലിമുകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പ്രശസ്ത സംവിധായകനും ദേശീയ അവാർഡ് ജേതാവുമായ ഡോ. ബിജു, സംസ്ഥാന പുരസ്കാര ജേതാവും അഭിനേതാവുമായ മനോജ് കാന, ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ് മീഡിയ കമ്മിറ്റി കൺവീനർ ഡോ. ഷർദ് ഖാൻ എന്നിവരടങ്ങിയ ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്. 18ന് പുരസ്കാരങ്ങൾ വിതരണം ചെയ്യും.

കേരള ബാങ്ക് ശമ്പള ഏകീകരണം: ഗുണവർദ്ധനൻ അദ്ധ്യക്ഷനായി കമ്മിറ്റി

തിരുവനന്തപുരം: കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളിലെ തസ്തികകൾ ഏകീകരിച്ച് പുതിയ തസ്തികക്രമങ്ങളും ശമ്പളവും നിശ്ചയിക്കുന്നതിന് മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥൻ എം.എൻ. ഗുണവർദ്ധനൻ അദ്ധ്യക്ഷനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചു. സ്റ്റേറ്റ് ബാങ്ക് ഒഫ് ട്രാവൻകൂർ മുൻ ജനറൽ മാനേജർ സാംകുട്ടിമാത്യു, കേരള സർവകലാശാലയിലെ സ്കൂൾ ഒഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ ഡോ. കെ. ശശികുമാർ, ധനകാര്യവകുപ്പിലെ മുൻ സീനിയർ ഫിനാൻസ് ഓഫീസർ ടി. രാധാകൃഷ്ണൻ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) എന്നിവരാണ് മറ്റ് അംഗങ്ങൾ. മൂന്ന് മാസമാണ് കമ്മിറ്റിയുടെ കാലാവധി.

എം.എൻ. ഗുണവർദ്ധനൻ

ആർ.സി.സിയിൽ പുതിയ കൗണ്ടറുകൾ

മരുന്ന് വാങ്ങാൻ ഇനി കാത്തു നിൽക്കേണ്ട

■ കീമോ രോഗികൾക്കായി പ്രത്യേക കൗണ്ടർ

KAUMUDI SPECIAL

▸ കെ.എസ്. അരവിന്ദ്

തിരുവനന്തപുരം: കാൻസർരോഗികളുടെ അത്താണിയായ റീജിയണൽ കാൻസർ സെന്ററിൽ (ആർ.സി.സി) ഇനി മരുന്ന് വാങ്ങാൻ മണിക്കൂറുകളോളം കാത്തുനിൽക്കേണ്ട. പുതിയ ഏഴ് ഫാർമസി കൗണ്ടറുകൾ തുറന്നാണ് വർഷങ്ങളായി രോഗികളും കൂട്ടിരിപ്പുകാരും അനുഭവിക്കുന്ന ദുരിതത്തിന് അധികൃതർ പരിഹാരം കാണുന്നത്. 20 വർഷത്തിന്ശേഷമാണ് ആർ.സി.സിയിൽ പുതിയ ഫാർമസി കൗണ്ടർ തുറക്കുന്നത്.

പുതിയ ബ്ലോക്കിൽ ആറാംനിലയിൽ കീമോതെറാപ്പി വാർഡിന് സമീപം രണ്ട് കൗണ്ടറുകളും മൂന്നാം നിലയിൽ അഞ്ച് കൗണ്ടറുകളുമാണ് നാളെ വൈകിട്ട് 4.30ന് മന്ത്രി കെ.കെ.ശൈലജ ഉദ്ഘാടനം ചെയ്യുന്നത്. പുതിയ കൗണ്ടറുകൾ രാവിലെ 9 മുതൽ വൈകിട്ട് 4.30വരെ പ്രവർത്തിക്കും. പഴയ മൂന്ന് കൗണ്ടറുകളും ഇനിമുതൽ 24മണിക്കൂറും പ്രവർത്തിക്കും.

എൻ.എ.ബി.എൽ അംഗീകാരമുള്ള കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങുന്നതോടൊപ്പം കേരള മെഡിക്കൽ സർവീസ് കോർപറേഷനുമായും (കെ.എം.സി.എൽ) ആർ.സി.സി ധാരണാപത്രം ഒപ്പുവച്ചു. ആർ.സി.സിയിലെ ഫാർമസിയിൽ മരുന്നുകൾ ലഭ്യമല്ലെങ്കിൽ മെഡിക്കൽകോളേജ് വളപ്പിനുള്ളിലെ കാരുണ്യ സെന്ററിൽ നിന്ന് ലഭ്യമാക്കും. ക്ഷേമപദ്ധതികളുടെ ആനുകൂല്യമുള്ളവർക്ക് കാരുണ്യയിൽ നിന്ന് സൗജന്യമായി മരുന്ന് ലഭിക്കും. ഇതിനായി കാരുണ്യയും ആർ.സി.സിയും തമ്മിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്.

രോഗികൾക്കായി ജൈവകാന്റീൻ

കാൻസർ വന്നുകഴിഞ്ഞാൽ ഏതൊക്കെ ആഹാരം കഴിക്കണം, ഒഴിവാക്കണം തുടങ്ങിയ രോഗികളുടെ സംശയങ്ങൾ മാറ്റാൻ ആർ.സി.സിയിൽ ജൈവ കാന്റീൻ തുറക്കുന്നു. രോഗികൾക്ക് യോജിച്ച ഭക്ഷ്യ വിഭവങ്ങളാണ് കാന്റീനിലൂടെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും നൽകുന്നത്. നിലവിൽ സ്റ്റാഫ് കാന്റീൻ മാത്രമാണ് ഉണ്ടായിരുന്നത്. സ്റ്റാഫ് കാന്റീനിൽ പാചകം ചെയ്യുന്ന ഭക്ഷണമാണ് ജൈവ കാന്റീനിലും ലഭ്യമാക്കുന്നത്. ആശുപത്രിയിലെ രണ്ട് ബ്ലോക്കുകളെ തമ്മിൽ ബന്ധപ്പിക്കുന്ന ഇടനാഴിയിൽ ഒരുക്കിയിട്ടുള്ള കാന്റീനും മന്ത്രി കെ.കെ.ശൈലജ നാളെ രോഗികൾക്ക് തുറന്നു നൽകും.

> രോഗികളുടെ ഏറെക്കാലത്തെ ആവശ്യമാണ് പുതിയ ഫാർമസി കൗണ്ടറുകൾ തുറക്കുന്നതോടെ നിറവേറുന്നത്. ഇതോടെ ആർ.സി.സിയിലെ ക്യൂ പൂർണമായും ഒഴിവാകും. ജൈവകാന്റീൻ പുതിയൊരു ഭക്ഷണ സംസ്കാരം പഠിപ്പിക്കും.
>
> -ഡോ. രേഖ എ. നായർ
> ആർ.സി.സി, ഡയറക്ടർ

പിണറായി സർക്കാരിന്റെ 1000 ദിനങ്ങൾ ആഘോഷം 20ന് കോഴിക്കോട്ട് തുടങ്ങും

തിരുവനന്തപുരം: പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ 1000 ദിനം പൂർത്തിയാക്കുന്നതിന്റെ ആഘോഷം 20 മുതൽ 27 വരെ നടക്കുമെന്ന് മന്ത്രി എ.കെ. ബാലൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ആഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം 20ന് വൈകിട്ട് 5ന് കോഴിക്കോട് ബീച്ചിലും, സമാപന സമ്മേളനം ഉദ്ഘാടനം 27ന് വൈകിട്ട് 5ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കോഴിക്കോട്ട് നടക്കുന്ന സമ്മേളനത്തിൽ സേഫ് കേരള പദ്ധതിയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രി ഇ. ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിക്കും. മന്ത്രിമാരായ ടി. പി. രാമകൃഷ്ണൻ, കെ. കൃഷ്ണൻകുട്ടി, എ. കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ബാബുപറശ്ശേരി തുടങ്ങിയവർ പങ്കെടുക്കും. പൂർത്തിയായതും പുതുതായി ആരംഭിക്കുന്നതുമായ 1000 പദ്ധതികൾ ആയിരം ദിനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ ഉദ്ഘാടനം ചെയ്യും.

വിവിധ വകുപ്പുകളെയും കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെയും പങ്കെടുപ്പിച്ച് ജില്ലകളിൽ ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പ്രദർശനം സംഘടിപ്പിക്കും. ഇതോടൊപ്പം കലാപരിപാടികളും വികസന സെമിനാറുകളും നടത്തും. ജില്ലകളിൽ മീഡിയ കോൺക്ലേവും സംഘടിപ്പിക്കും.

ഏകീകൃത ജെ.എസ്.എസ് സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന നേതൃസംഗമം സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ബി. ഗോപൻ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന പ്രസിഡന്റ് പാളയം സതീഷ്, ബി.എസ്.പി മുൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.എസ്. പ്രഹ്ലാദൻ എന്നിവർ സമീപം

ഗൗരിഅമ്മയുടെ നേതൃത്വത്തിൽ ജെ.എസ്.എസ് ഗ്രൂപ്പുകൾ ഒന്നിക്കണം : അഡ്വ. ബി. ഗോപൻ

തിരുവനന്തപുരം : ജെ.എസ്.എസ് ഗ്രൂപ്പുകൾ ഭിന്നത മറന്ന് കെ. ആർ. ഗൗരിഅമ്മയുടെ നേതൃത്വത്തിൽ ഒന്നിക്കണമെന്ന് ഏകീകൃത ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ബി. ഗോപൻ അഭിപ്രായപ്പെട്ടു. പാർട്ടി സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന പ്രസിഡന്റ് പാളയം സതീഷ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ. എസ്. പ്രഹ്ലാദൻ, കാട്ടാംപുറം സുധീഷ്, നാലുകണ്ടത്തിൽ കൃഷ്ണകുമാർ, ചൂനാട് ജയപ്രസാദ്, വാവറഅമ്പലം അജികുമാർ, എസ്. സുദർശനൻ, മണക്കാട് പ്രസാദ്, അജി ആലപ്പാട്, രഞ്ജിത് മാവേലിക്കര, സജിത്ത് കൂട്ടുങ്ങൽ എന്നിവർ സംസാരിച്ചു.

പത്മരാജൻ ട്രസ്റ്റ് ഭാരവാഹികൾ

തിരുവനന്തപുരം: സംവിധായകനും എഴുത്തുകാരനുമായിരുന്ന പി. പത്മരാജന്റെ പേരിലുള്ള പത്മരാജൻ ട്രസ്റ്റിന്റെ ചെയർമാനായി ചലച്ചിത്ര നിർമ്പകനും സംവിധായകനുമായ വിജയകൃഷ്ണനെയും ജനറൽ സെക്രട്ടറിയായി തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം ഡയറക്ടർ ബൈജു ചന്ദ്രനെയും തിരഞ്ഞെടുത്തു. കെ.കെ. സുധാകരൻ (വൈസ് ചെയർമാൻ), പ്രദീപ് പനങ്ങാട് (സെക്രട്ടറി), പി. ശരത്ചന്ദ്രൻ (ട്രഷറർ) എന്നിവർ ഭാരവാഹികളും രാധാലക്ഷ്മി പത്മരാജൻ, ബീന പോൾ, എ. ചന്ദ്രശേഖർ, പൂജപ്പുര രാധാകൃഷ്ണൻ, അനിൽദേവ്, ബി. മുരുകൻ എന്നിവർ നിർവാഹക സമിതി അംഗങ്ങളുമാണ്.

രണ്ടാം വിള നെല്ല് സംഭരണം: രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം: സപ്ലൈകോയും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന രണ്ടാം വിള നെല്ല് സംഭരണത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഇതു വരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കർഷകർ 20ന് മുൻപ് www.supplycopady.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്ന് പാഡി മാർക്കറ്റിംഗ് ഓഫീസർ സി.എൽ മിനി അറിയിച്ചു. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ എ.ഫോറത്തിലും പാട്ടഭൂമിയിൽ കൃഷി ചെയ്യുന്നവർ സി. ഫോറത്തിലുമാണ് രജിസ്റ്റർ ചെയ്യേണ്ടത്. രജിസ്ട്രേഷൻ പൂർത്തിയാക്കിഅടുത്തപ്രവർത്തിദിനം തന്നെ അനുബന്ധ രേഖകൾ സഹിതം അപേക്ഷ കൃഷി ഭവനിൽ ഏല്പിക്കേണ്ടതാണ്. കിലോഗ്രാമിന് 25.30രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. കൂട്ടതൽ വിവരങ്ങൾക്ക് ഫോൺ: 9446569901.

കേരള സർവകലാശാലയിൽ നിന്ന് എഡ്യുക്കേഷനിൽ ഡോക്ടറേറ്റ് നേടിയ ധന്യ ബി. ചന്ദ്രൻ. ചിറയിൻകീഴ് അഴൂർ എസ്.പി വിഹാറിൽ എസ്. ബാലചന്ദ്രന്റെയും ലതാകുമാരിയുടെയും മകളാണ്. അനീഷ്. പി.എസ് ആണ് ഭർത്താവ്.

കേരള സർവകലാശാലയിൽ നിന്ന് സംഗീതത്തിൽ ഡോക്ടറേറ്റ് നേടിയ ആശ ജീവൻ സത്യൻ. നടൻ സത്യന്റെ കൊച്ചുമകളും, കോൺവെന്റ് റോഡ് സിത്താരയിൽ ജീവൻ സത്യന്റെയും ലതാ ജീവന്റെയും മകളുമാണ്. ലിജോ മാത്യു വാണ് ഭർത്താവ്.

വിജയകൃഷ്ണൻ, ബൈജു ചന്ദ്രൻ

വിളംബരം

സർവകലാശാല വാർത്തകൾ

കേരള
www.kerala university.ac.in

ടൈംടേബിൾ

26 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക്, മാർച്ച് 6 മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി - 2013 സ്കീം) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ് സൈറ്റിൽ.

പരീക്ഷാഫീസ്

മാർച്ചിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി. ബി. സി. എസ് ബി. എ / ബി. എസ്.സി / ബി.കോം ഡിഗ്രി (റെഗുലർ-2018 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴ കൂടാതെ 27 വരെയും 50 രൂപ പിഴയോടെ മാർച്ച് 2 വരെയും 125 രൂപ പിഴയോടെ മാർച്ച് 6 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഏപ്രിലിൽ നടത്തുന്ന ബാച്ച്ലർ ഒഫ് ഫിസിക്കൽ എഡ്യുക്കേഷൻ രണ്ട്, നാല്, ആറ് സെമസ്റ്റർ (സപ്ലിമെന്ററി) എട്ടാം സെമസ്റ്റർ (റെഗുലർ ആൻഡ് സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ 21 വരെയും 50 രൂപ പിഴയോടെ 25 വരെയും 125 രൂപ പിഴയോടെ 27 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മാർച്ച് 13 മുതൽ ആരംഭിക്കുന്ന രണ്ടാം വർഷബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ 22 വരെയും 50 രൂപ പിഴയോടെ 25 വരെയും 125 രൂപപിഴയോടെ 27 വരെയും അപേക്ഷിക്കാം.

എം.ജി
www.mgu.ac.in

പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ (2016 അഡ്മിഷൻ റഗുലർ / 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ 19ന് ആരംഭിക്കും.

ഒന്നാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ്, ബി.എസ്സി കമ്പ്യൂട്ടർ മെയിന്റനൻസ് ആൻഡ് ഇലക്ട്രോണിക്സ് (മോഡൽ III പുതിയ സ്കീം 2018 അഡ്മിഷൻ റഗുലർ/ 2017 അഡ്മിഷൻ റീഅപ്പിയറൻസ്/ സി.ബി.സി.എസ്.എസ് 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്/ 2013ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ 20,21 തീയതികളിൽ നടക്കും.

പരീക്ഷാ ഫലം

എറണാകുളം ഗവ. ലാ കോളേജിൽ നടന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുൻപുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 1 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എം എം.എസ്സി ഹോം സയൻസ് ബ്രാഞ്ച് (എ), (ഡി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 5 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് നോൺ സി.എസ്.എസ് (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 5 വരെ അപേക്ഷിക്കാം.

ഒന്ന്, രണ്ട് സെമസ്റ്റർ ബി.എൽ.ഐ.എസ്സി (സെമസ്റ്റർ ഒഫ് കാമ്പസ് സപ്ലിമെന്ററി / മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 5 വരെ അപേക്ഷിക്കാം.

അവസാന വർഷ എൽ.എൽ.എം (ആനുവൽ സ്കീം ഒഫ് കാമ്പസ് സപ്ലിമെന്ററി / മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 2 വരെ അപേക്ഷിക്കാം.

കാലിക്കറ്റ്
www. university ofcalicut.info

സെനറ്റ് തിരഞ്ഞെടുപ്പ്

സെനറ്റിലെ അഫിലിയേറ്റഡ് കോളേജ് പ്രിന്സിപ്പൽ മണ്ഡലം തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 25 വരെ നീട്ടി.

ബി.എ മൾട്ടിമീഡിയ

ബി.എ മൾട്ടിമീഡിയ പ്രൈവറ്റ് രജിസ്ട്രേഷൻ പ്രോഗ്രാമിലേക്ക് പിഴ കൂടാതെ 25 വരെയും 100 രൂപ പിഴയോടെ 28 വരെയും രജിസ്റ്റർ ചെയ്യാം. പ്രിന്റൗട്ടും രേഖകളും സഹിതം മാർച്ച് 5 വരെ സ്വീകരിക്കും. ഫോൺ: 0494 - 2407356.

പരീക്ഷ

അഫിലിയേറ്റഡ് കോളേജ്/ വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ/ വിദേശ/ കേരളത്തിന് പുറത്തെ കേന്ദ്രങ്ങൾ എന്നീ ഒന്നാം സെമസ്റ്റർ (സി.യു.സി.ബി.സി.എസ്.എസ്) റഗുലർ / സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് ബി.എസ്.സി / ബി.എസ്.സി ഇൻ ആൾട്ടർനേറ്റ് പാറ്റേൺ/ ബി.സി.എ/ ബി.എ മൾട്ടിമീഡിയ/ ബി.എം.എം.സി/ ബി.എ ടെലിവിഷൻ ആൻഡ് ഫിലിം പ്രൊഡക്ഷൻ/ ബി.ടി.എഫ്.പി/ ബി.എസ്.ഡബ്ല്യൂ/ ബി.വി.സി/ ബി.എ വിഷ്വൽ കമ്മ്യൂണിക്കേഷൻ കോംപ്ലിമെന്ററി പേപ്പർ പരീക്ഷയും ബി. വോക് കോർ പരീക്ഷയും മാർച്ച് 18ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

അപേക്ഷിക്കാം

ബി.വോക് 2014, 2015 പ്രവേശനം വിദ്യാർത്ഥികളിൾ ഒന്ന്, രണ്ട് സെമസ്റ്റർ പാസായവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റിനും, മൂന്ന്, നാല് സെമസ്റ്ററുകൾ പാസായവർക്ക് അഡ്വാൻസ്ഡ് ഡിപ്ലോമ സർട്ടിഫിക്കറ്റിനും അപേക്ഷിക്കാം. ഓരോ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം 210 രൂപയുടെ ചലാൻ, എസ്.എസ്.എൽ.സി, പ്ലസ്ടു, ബി. വോക് മാർക്ക് ലിസ്റ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ഹാജരാക്കണം.

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (സി.സി.എസ്.എസ്) പരീക